പതിമൂന്നാം കേരള നിയമസഭ

ഒൻപതാംസമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1628 | 17.06.2013ൽ മറുപടിയ്ക്ക്

സെക്രട്ടേറിയറ്റിൽ ഡിജിറ്റൽ ഡോക്കുമെന്റ് ഫയലിംഗ് സിസ്റ്റം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.മുരളീധരൻ<br>ശ്രീ.എം.എ.വാഹീദ്<br>ശ്രീ.വർക്കല കഹാർ<br>ശ്രീ.ഹൈബി ഈഡൻ | ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| എ | സെക്രട്ടേറിയറ്റിലെ ഡിജിറ്റൽ ഡോക്കുമെന്റ് ഫയലിംഗ് സിസ്റ്റത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്;വിശദാംശങ്ങൾ എന്തെല്ലാം; | എ | ഫയലുകളുടെ നീക്കം മേലുദ്യോഗസ്ഥർക്ക് എപ്പോൾ വേണമെങ്കിലും പരിശോധിക്കാനും കാലതാമസം ഒഴിവാക്കി തീരുമാനങ്ങൾ കൈക്കൊള്ളാനും കഴിയും എന്നതാണ് കടലാസ് രഹിത ഫയൽ സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യം . |
| ബി | നിലവിലുള്ള ഫയൽ സംവിധാനത്തിൽ നിന്ന് എന്തെല്ലാം മാറ്റങ്ങളാണ് ഡിജിറ്റൽഡോക്കുമെന്റ് ഫയലിംഗ് സിസ്റ്റം വഴി ഉണ്ടാകുന്നത്; വിശദമാക്കുമോ; | ബി | നിലവിലുള്ള കടലാസ് ഫയൽ സംവിധാനത്തെ പരിഷ്കരിച്ച് കടലാസ് രഹിതമാക്കുക എന്നതാണ് ടി സിസ്റ്റം വഴി ഉണ്ടാകുന്ന മാറ്റം. |
| സി | ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്; വിശദമാക്കുമോ? | സി | കേരള സർക്കാർ സ്ഥാപനമായ കെൽട്രോണാണ് "ഡിജിറ്റൽ ഡോക്കുമെന്റ് ഫയലിംഗ് സിസ്റ്റം " നടപ്പിലാക്കുന്നതിന് സഹകരിക്കുന്നത്. |

സെക്ഷൻ ഓഫീസർ